# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം: പൊ.വി. - 2017-18 വർഷം സംസ്ഥാനത്തെ സ്കൂളുകളിലേക്ക് വാങ്ങുന്നതിനുവേണ്ടി തെരഞ്ഞെടുത്ത പുസ്തകങ്ങളുടെ ലിസ്റ്റിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന: (1) ഈ ഓഫീസിലെ 18/04/17, 03/05/17, 14/07/17 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

(2) സാഹിത്യ പ്രവർത്തക സഹകരണസംഘം പ്രസിഡന്റിന്റെ 17/08/17 ലെ കത്ത്.

ഉത്തരവ് നം:റ്റി2/76016/2016/ഡി.പി.ഐ. തീയതി:27/09/2017

2017-18 വർഷം സംസ്ഥാനത്തെ സ്കൂളുകളിലേക്ക് വാങ്ങുന്നതിന് തെരഞ്ഞെടുത്ത പുസ്തകങ്ങളുടെ ലിസ്റ്റിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം നൽകിയിരുന്നു. ആയതിൻപ്രകാരം കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് മുഖേനയാണ് പുസ്തകങ്ങൾ വാങ്ങാൻ നിർദ്ദേശിച്ചിരുന്നത്. സൂചന (2) പ്രകാരം വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ പുസ്തകങ്ങൾ വാങ്ങുമ്പോൾ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ വില്പന വിഭാഗമായ എൻ.ബി.എസ്.-ൽ നിന്നും വാങ്ങണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ടി അപേക്ഷ വിശദമായി പരിശോധിച്ചതിൻപ്രകാരം സ്കൂളുകൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ വില്പന വിഭാഗമായ എൻ.ബി.എസ്.-ൽ നിന്നുംകൂടി വാങ്ങുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**കെ.വി.മോഹൻകുമാർ. ഐ.എ.എസ്.,**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ.**

**അംഗീകാരത്തോടെ**

**സൂപ്രണ്ട്**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.